"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ജയേഷ് ജോസഫ് ഫയൽ ചെയ്ത O.A (Ekm) No. 1349/2021 കേസിൻമേലുള്ള 01.10.2021 ലെ ഉത്തരവ് നടപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.421/2021/വനം തീയതി,തിരുവനന്തപുരം, 20/12/2021.

പരാമർശം:-
1. ശ്രീ. ജയേഷ് ജോസഫ് സമർപ്പിച്ച 02.09.2021 ലെ അപ്പീൽ അപേക്ഷ.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A (Ekm) No. 1349/2021 കേസിൻ മേലുള്ള 01.10.2021 തീയതിയിലെ ഉത്തരവ്. .
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11.11.2021 ലെ ഇ4-3417/2021 നമ്പർ കത്ത്.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ, ആറളം വന്യജീവി സങ്കേതത്തിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി ജോലി നോക്കിവരവെ മലയാറ്റൂർ ഡിവിഷനിലെ എവർഗ്രീൻ ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചതിനെതിരെ ശ്രീ. ജയേഷ് ജോസഫ് പരാമർശം (1) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ പരിഗണനയിലിരിക്കെ, ഇതേ ആവശ്യമുന്നയിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.(Ekm) No 1349/2021 നമ്പർ കേസിൽ, ശ്രീ. ജയേഷ് ജോസഫ് പരാമർശം (1 ) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ (Annexure A7), 14.10.1987 തീയതിയിലെ സ.ഉ(കൈ ) 85/87/FWLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ട്രാൻസ്ഫർ മാർഗ്ഗ നിർദേശങ്ങളുടെയും അനുകമ്പാർഹമായ കാരണത്തിന്റെയും അടിസ്ഥാനത്തിൽ പരിഗണിച്ച്, ഉത്തരവിന്റെ പകർപ്പ് ലഭിച്ച ഒരു മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകി പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

2). ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം, ശ്രീ. ജയേഷ് ജോസഫിനെ 23/11/2021 ന് നേരിൽ കേൾക്കുകയുണ്ടായി. കണ്ണൂർ ജില്ലയിൽ ആറളം വന്യജീവി സങ്കേതത്തിലെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ 2 വർഷവും 8 മാസം കഴിഞ്ഞപ്പോൾ ടിയാനെ മലയാറ്റൂർ ഡിവിഷനിലെ എവർഗ്രീൻ ഫോറസ്റ്റ് സ്റ്റേഷനിലേക്ക് സ്ഥലംമാറ്റി നിയമിച്ചു എന്നും ജനറൽ ട്രാൻസ്ഫറിന്റെ യാതൊരുവിധ ആനുകൂല്യങ്ങളും ലഭിച്ചില്ല എന്നും അറിയിക്കുകയുണ്ടായി. കൂടാതെ, 6 വയസ്സിൽ താഴെ പ്രായമുള്ള രണ്ട് കുട്ടികളും 6 5 വയസ്സിന് മുകളിൽ പ്രായമുള്ള മാതാപിതാക്കളും ആണ് തനിക്ക് ഉള്ളത് എന്നും, ഭാര്യ വിദ്യാഭ്യാസ വകുപ്പിൽ ലോവർ ഡിവിഷൻ

ക്ലാർക്ക് ആയി കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരി എന്ന സ്ഥലത്ത് എ . ഇ . ഒ . ഓഫീസിൽ ആണ് ജോലി ചെയ്യുന്നത് എന്നും, തനിക്കുണ്ടായ നീതി നിഷേധം ബോധ്യപ്പെട്ടുകൊണ്ടു ആറളം വന്യജീവി സങ്കേതത്തിൽ എടുത്തുകൊണ്ടിരുന്ന ജോലി പൂർത്തീകരിക്കുവാൻ നിയമാനുസൃതമുള്ള കാലയളവിൽ അനുമതിയുണ്ടാകണമെന്നും അപേക്ഷകൻ ആവശ്യപ്പെട്ടു കയുണ്ടായി.

3). ശ്രീ. ജയേഷ് ജോസഫിന് നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ രണ്ട് വർഷത്തെയും എട്ട് മാസത്തേയും സേവനം പൂർത്തിയാക്കിയതിനു ശേഷമാണ് ടിയാനെ മലയാറ്റൂർ ഡിവിഷനിലെ എവർഗ്രീൻ ഫോറസ്റ്റ് സ്റ്റേഷനിലേക്ക് സ്ഥലം മാറ്റി നിയമിച്ചത് എന്നും, ശ്രീ. പ്രദീപൻ കാരായി, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച അപേക്ഷയിൽ ടിയാന്റെ ഏക സഹോദരനായ ശ്രീ. ദിനേശൻ കാരായി കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ ബോർഡർ റോഡ്സ് ഓർഗനൈസേഷനിൽ സൈനിക സേവനത്തിൽ ആണെന്നും വൃദ്ധയായ മാതാവിന്റെ പരിചരണത്തിനായി ടിയാനെ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേക്ക് സ്ഥലം മാറ്റി നിയമിക്കണമെന്നും അപേക്ഷിച്ചിരുന്നു എന്നും, രാജ്യത്തിന്റെ അതിർത്തിയിൽ സേവനം ചെയ്യുന്ന സൈനികന്റെ സഹോദരന്റെ അപേക്ഷയിൽ മാനുഷിക പരിഗണന കൂടി കണക്കിലെടുത്താണ് ശ്രീ. പ്രദീപൻ കാരായിക്ക് നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം നൽകി ഉത്തരവായത് എന്നും, ആയതിനാൽ നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേക്ക് വീണ്ടും നിയമിക്കണമെന്ന ശ്രീ. ജയേഷ് ജോസഫിന്റെ അപേക്ഷ നിലവിൽ പരിഗണിക്കുവാൻ സാധിക്കുകയില്ലായെന്നും പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4). സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സൈനികന്റെ സഹോദരനായ ശ്രീ.പ്രദീപൻ കാരായിക്ക് നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് അപേക്ഷകന് ട്രാൻസ്ഫർ നൽകിയിട്ടുള്ളത്. ശ്രീ. ജയേഷ് ജോസഫിന് മൂന്ന് വർഷത്തിനടുത്ത് സേവനം നരിക്കടവ് ഫോറസ്റ്റ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതിനാൽ, നരിക്കടവ ഫോറസ്റ്റ് സ്റ്റേഷനിൽ തിരികെ നിയമിയ്ക്കണം എന്ന ആവശ്യം നിരസിക്കുന്നു. എന്നാൽ ജനറൽ ട്രാൻസ്ഫറിന് അപേക്ഷ നല്കാൻ അവസരം ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്തും, ഭാര്യയ്ക്കും ഭർത്താവിനും ഒരേ സ്റ്റേഷനിൽ തന്നെ ജോലിയിൽ തുടരുന്നതിനു സുഗമമാക്കുന്ന സ്ഥലമാറ്റം കഴിയുന്നിടത്തോളം അനുവദിക്കേണ്ടതാണ് എന്ന 25.02.2017 തീയതിയിലെ സ.ഉ(പി)3/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥ കണക്കിലെടുത്തും, നോർത്ത് സർക്കിളിൽ അടുത്ത് വരുന്ന വേക്കൻസിയിൽ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. ജയേഷ് ജോസഫിന്റെ അപേക്ഷ പരിഗണിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് നിർദ്ദേശം നൽകി, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പ്രേമൻ

അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).

ശ്രീ. ജയേഷ് ജോസഫ്, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ, എവർഗ്രീൻ ഫോറസ്റ്റ് സ്റ്റേഷൻ, കാലടി റേഞ്ച് , മലയാറ്റൂർ ഡിവിഷൻ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 20-12-2021 11:41:39
Reason: Approved

സെക്ഷൻ ഓഫീസർ.